**സാമ്പത്തിക സ്ഥിതിവിവക്കണക്ക് വകുപ്പ് സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസറുടെ നടപടി**

തിരുവനന്തപുരം, തീയതിഃ 01–02–2011

വിഷയംഃ– ഡിഇഎസ് – ജീവനക്കാര്യം–തസ്തിക മാറ്റംവഴി ഉദ്യോഗക്കയറ്റം പ്യൂൺ തസ്തികയിൽ നിന്നും സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് / ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്–II തസ്തികയിലേക്ക് ഉദ്യോഗകയറ്റം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശംഃ–
1) സ.ഉ(പി) നം.78/78 ജി.എ.ഡി തീയതി 31–7–1978, സ.ഉ.(പി) നം.9/2009/പ്ളാനിംഗ് തീയതി 20–2–2009
2) ഈ ഓഫീസിലെ 7–1–2011 ലെ ഇഎ(1) 2010/2010 ഡിഇഎസ് നമ്പർ ഉത്തരവ്
3) എക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് തൃശൂർ ഡെപ്യൂട്ടി ഡയറക്ടറുടെ 19–1–2011 ലെ ഇഎ(2) 159/11/ഡിഒആർ നമ്പർ കത്ത്.
4) എക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് തൃശൂർ ഡെപ്യൂട്ടി ഡയറക്ടറുടെ 29–01–2011ലെ ഇഎ(2) 61/2010/ഡിഒആർ നമ്പർ കത്ത്.

**ഉത്തരവ് നം.ഇഎ(3) 2781/2009/ഡിഇഎസ്**

ഈ വകുപ്പിൽ നിലവിലിരിക്കുന്ന സ്പെഷ്യൽ റൂൾസ് പ്രകാരം ലാസ്റ്റ്ഗ്രേഡ് തസ്തികയിൽ പ്രവൃത്തിയെടുത്തു വരുന്ന ജീവനക്കാർക്ക് യോഗ്യതയുടെ അടിസ്ഥാനത്തിൽ (സ്പെഷ്യൽ റൂൾസിൽ പറഞ്ഞിരിക്കുന്ന പ്രകാരം) 10ഃ1 അനുപാതത്തിൽ നേരിട്ടുള്ള നിയമനത്തിന് ആനുപാതികമായി തസ്തികമാറ്റം വഴി ഉദ്യോഗക്കയറ്റത്തിന് അർഹതയുണ്ട്.

ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെ സീനിയോറിറ്റി ലിസ്റ്റ് പ്രകാരം നിലവിൽ സീനിയറായിട്ടുള്ള തൃശൂർ താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസിലെ പ്യൂൺ ശ്രീ.വി.എം.ശങ്കരനാരായണന് സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ്/ ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്–II തസ്തികയിൽ തസ്തികമാറ്റം വഴിയുള്ള ഉദ്യോഗകയറ്റത്തിന് അർഹതയുണ്ട്. ഉദ്യോഗകയറ്റം ലഭിക്കുമ്പോൾ തൃശൂർ ജില്ലയിൽ നിയമിക്കണമെന്ന് ടിയാൻ ഓപ്ഷൻ നൽകിയിട്ടുണ്ട്.

തസ്തികമാറ്റം വഴി ഉദ്യോഗകയറ്റത്തിനുള്ള ഒരു ഒഴിവ് തൃശൂർ ജില്ലയിൽ ഉള്ളതായി പരാമർശം(4) ലെ കത്തു പ്രകാരം എക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് തൃശൂർ ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചിരിക്കുന്നു. ഈ സാഹചര്യത്തിൽ തൃശൂർ താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസിലെ പ്യൂൺ ശ്രീ വി.എം.ശങ്കരനാരായണനെ തസ്തികമാറ്റം വഴി ഉദ്യോഗകയറ്റം നല്കി 5250–8390 രൂപ ശമ്പള സ്കെയിലിൽ തൃശൂർ ജില്ലയിൽ ഒഴിവുള്ള സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ്/ ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്–II തസ്തികയിൽ നിയമിച്ച് ഉത്തരവാകുന്നു.

എക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് തൃശൂർ ഡെപ്യൂട്ടി ഡയറക്ടർ, ശ്രീ വി.എം.ശങ്കരനാരായണനെ തൃശൂർ ജില്ലയിൽ സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ്/ ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്–II തസ്തികയിൽ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കേണ്ടതും, ഉദ്യോഗക്കയറ്റം ലഭിച്ച തസ്തികയിൽ ജോലിയിൽ പ്രവേശിച്ച വിവരം ഈ ഓഫീസിൽ അറിയിക്കേണ്ടതുമാണ്.

ശ്രീ.വി.എം.ശങ്കരനാരായണൻ സ്ഥാനക്കയറ്റ തസ്തികയിലെ ശമ്പള നിർണ്ണയം സംബന്ധിച്ച ഓപ്ഷൻ ഒരുമാസത്തിനുള്ളിൽ സമർപ്പിക്കേണ്ടതാണ്.

**ഒപ്പ്**
**ബി.രമാമ്മ**
**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസർ**

ശ്രീ.വി.എം.ശങ്കരനാരായണൻ
(നിയന്ത്രണാധികാരി മുഖേന)

പകർപ്പ്:
1) ഡെപ്യൂട്ടി ഡയറക്ടർ, എക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ്, തൃശൂർ
2) ഡെപ്യൂട്ടി ഡയറക്ടർ, കമ്പ്യൂട്ടർ വിഭാഗം ഡിഇഎസ് (വെബ്സൈറ്റിൽ പ്രസിദ്ധീരിക്കുന്നതിന്)
3) എല്ലാ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റുമാർക്കും
4) ഗ്രഡേഷൻ സെൽ
5) ഫയൽ / കരുതൽ ഫയൽ

**ഉത്തരവിൻ പ്രകാരം**

Mini

**സീനിയർ സൂപ്രണ്ട്**